**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **05-07-2022 - ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് 2021 ജൂൺ വരെ എല്ലാ വായ്പകൾക്കും റിസർവ് ബാങ്ക് പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയം 2021 ഡിസംബർ വരെ ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | 2021 മെയ് മാസം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റെസല്യൂഷൻ ഫ്രെയിം വർക്ക് 2.0 യുടെ പ്രഖ്യാപനത്തിലൂടെ സാമ്പത്തിക പ്രതിസന്ധി യിലായ അർഹരായ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭകർക്കും, റീറ്റയിൽ ലോണുകൾക്കും, മറ്റു വ്യക്തിഗത വായ്പകൾക്കും (കാർഷികേതര വായ്പകൾ) രണ്ടു വർഷം വരെ തിരിച്ചടവ് സാവകാശം ഉൾപ്പെടെ ഉള്ള ഇളവുകൾ നൽകിയിരുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റെസൊല്യൂഷൻ ഫ്രെയിം വർക്ക് 2.0 നടപ്പിലാക്കുന്നതിന് ബാങ്കുകൾക്ക് ഡിസംബർ 31 വരെ സമയം അനുവദിച്ചിരുന്നു. |
| (ബി) | വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഈ ഉത്തരവ് അംഗീകരിക്കാതിരുന്നതുമൂലം സർക്കാർ ഉത്തരവിനെ വിശ്വസിച്ച് ലോൺ തിരിച്ചടവ് നീട്ടിവെച്ചിരുന്ന കർഷകരുടെ ലോണുകൾ കുടിശ്ശികയായി കണക്കാക്കി പലിശയും പിഴപ്പലിശയും ഒപ്പം ചേർത്ത് വൻ തുകയ്ക്കുള്ള ജപ്തി നടപടികൾ ആരംഭിച്ചത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കോവിഡിനെ തുടർന്ന് റിസർവ് ബാങ്ക് പ്രഖ്യാപിച്ച റെസല്യൂഷൻ ഫ്രെയിം വർക്ക് 2.0 (കാർഷികേതര വായ്പകൾക്ക്) സഹകരണ ബാങ്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. ടി കാലയളവിൽ പ്രസ്തുത വായ്പ കുടിശികക്കാർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യബാങ്കുകളിൽ ഇതിൻപ്രകാരം സെപ്റ്റംബർ 2021 ന് മുമ്പ് അപേക്ഷിച്ച വായ്പകൾക്ക് രണ്ട് വർഷം വരെ മാനദണ്ഡങ്ങൾക്ക് വിധേയമായി മൊറട്ടോറിയം ഉൾപ്പെടെയുള്ള ഇളവുകൾ നൽകിയിട്ടുണ്ട്. |
| (സി) | മൂന്നു മാസത്തിലധികം തിരിച്ചടവ് മുടക്കമുള്ള ലോണുകൾ സർഫാസി നിയമ പ്രകാരം ജപ്തി നടപടികൾക്ക് വിധേയമാക്കാമെന്ന വ്യവസ്ഥ ഉപയോഗപ്പെടുത്തിയാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മോറട്ടോറിയം കാലയളവിൽ കുടിശികയായിട്ടുള്ള വായ്പകളിൽ സർഫാസി നടപടികൾ സ്വീകരിക്കാൻ സഹകരണ ബാങ്കുകൾക്ക് കേരള ബാങ്ക് നിർദേശം നൽകിയിട്ടില്ല. കാർഷിക ഭൂമി സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ കൃഷി ഭൂമിയിലുള്ള ജപ്തി നടപടികൾക്കായി വാണിജ്യ ബാങ്കുകൾ സർഫാസി നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല. |
| (ഡി) | ലോൺ തിരിച്ചടവ് നീട്ടിവെച്ച കർഷകരെ ജപ്തി | (ഡി) | കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | നടപടികളിൽ നിന്നും വൻ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ? | | റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2020ലും, 2021ലും വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കു ന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടു വിച്ചിരുന്നു. ആയതു പ്രകാരം കാർഷിക വായ്പകൾക്ക് പിഴപ്പലിശ ഇല്ലാതെ പലിശ സബ്സിഡിയോടു കൂടി വായ്പകൾ പുതുക്കി നൽകുന്നതിന് സമയം നീട്ടി നൽകിയിരുന്നു.<br><br>പ്രസ്തുത മാർഗ്ഗ നിർദ്ദേശ പ്രകാരം 2020 മാർച്ച് 1 നും 2020 മെയ് 31 നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ 2020 മെയ് 31 ന മുൻപ് പുതുക്കിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിച്ചിരുന്നു.<br><br>2021 വർഷത്തിൽ ഈ ആനുകൂല്യം 2021 മാർച്ച് 1 നും 2021 ജൂൺ 30 നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ ജൂൺ 30 ന മുൻപ് പുതുക്കിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിച്ചിരുന്നു.<br><br>കോവിഡ് -19 മൂലം ദുരിതം അനുഭവിക്കുന്ന വായ്പകാർക്ക് RBI Resolution Framework 2.0 അനുസരിച്ച സഹകരണ ബാങ്കുകൾ 31.3.2021 ൽ സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പകൾക്ക് മോറട്ടോറിയം, റീസ്ട്രച്ചറിങ് എന്നിവ അനുവദിച്ചിട്ടുണ്ട്. കൂടാതെ 'നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രകാരം ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ചു തീർത്ത് ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിന് 2022 ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ